**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കീഴ്മാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.എം. മജീദിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.553/2017/തസ്വഭവ　　　　　　　　തീയതി, തിരുവനന്തപുരം, 27.02.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.10.2014-ലെ ഇ 7-(ക്യുവി 18/2013/സിആർഇ)27548/2013 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 15.11.2014-ലെ 13214/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 19.05.2015-ലെ 79154/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീ. സി.എം. മജീദ് സമർപ്പിച്ച എതിർവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 23.09.2016-ലെ ഡി2-39603/15 നമ്പർ കത്ത്

**ഉത്തരവ്**

സാമ്പത്തികാനുകൂല്യം കൈപ്പറ്റി കീഴ്മാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനധികൃത നിർമ്മാണത്തിന് കൂട്ടുനിൽക്കുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ കീഴ്മാട് ഗ്രാമപഞ്ചായത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. വിജിലൻസ് പരിശോധനയിൽ പഞ്ചായത്ത് സെക്രട്ടറി ശ്രീ. സി.എം. മജീദ്, ശ്രീ. നൗഷാദിനും ടിയാന്റെ ഭാര്യ ശ്രീമതി. ആമിനയ്ക്കും അനധികൃത കെട്ടിട നിർമാണത്തിന് ചട്ടവിരുദ്ധമായി അനുമതി നൽകിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി.എം. മജീദിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി.

വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ കീഴ്മാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. മജീദിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ടി കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാൻ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിരുന്നു.

ശ്രീമതി ആമിനയ്ക്കും ശ്രീ. നൗഷാദിനും നിർമാണാനുമതി നൽകിയത് താൻ അല്ലായിരുന്നുവെന്നും ടിയാളുകളുടെ നിർമാണാനുമതി ലഭിച്ച കെട്ടിടങ്ങൾക്കു നമ്പർ നൽകുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും, പ്രസ്തുത കെട്ടിടം പെർമിറ്റിൽ നിന്നും വ്യതിചലിക്കാതെയും കെ.പി.ബി.ആർ. പ്രകാരമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് എന്നും, സെക്ഷൻ ക്ലാർക്ക് ആയ ശ്രീ. ശംസുദ്ദീൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു കെട്ടിടങ്ങൾക്കു നമ്പർ നൽകിയത് എന്നും എന്നാൽ പിന്നീട് വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായുണ്ടായ പരിശോധനയിലാണ് രണ്ടു കെട്ടിടങ്ങളും കോമ്പൗണ്ട് വാൾ നിർമ്മിച്ച് ഒറ്റ കെട്ടിടമാക്കി മാറ്റിയതായും അനധികൃതമായി കെട്ടിട നിർമ്മാണം നടത്തിയതായും കണ്ടെത്തിയത് എന്നുമാണ് ടിയാൻ

അറിയിച്ചിട്ടുള്ളത്. പ്രസ്തുത അനധികൃത കെട്ടിടം പൊളിച്ചു നീക്കുന്നതിന് കെട്ടിട ഉടമകൾക്ക് നോട്ടീസ് നല്കിയിരിക്കുകയാണെന്നും എന്നാൽ ഹൈക്കോടതിയിൽ നിന്നും ട്രിബ്യൂണലിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുള്ളതിനാൽ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാൽ താൻ കെ.പി.ബി.ആർ. 62 (1) ന്റെ violation നടത്തുവാൻ അവസരം നല്കിയിട്ടില്ലായെന്നും മേൽ സാഹചര്യത്തിൽ തന്നെ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ ബോധിപ്പിച്ചു കൂടാതെ തന്നെ നേരിൽ കേൾക്കണമെന്നും ടി പ്രതിവാദ പത്രികയിൽ ടിയാൻ അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി 22.11.2016-ൽ ടിയാനെ നേരിൽ കേട്ടു. ഈ സമയത്തും പ്രതിവാദ പത്രികയിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ തന്നെയാണ് ടിയാൻ ആവർത്തിച്ചത്.

പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ 2 നിർമ്മാണങ്ങൾക്കും പെർമിറ്റ് നൽകിയത് ശ്രീ. മജീദ് അല്ലെന്നും പൂർത്തീകരണ പ്ലാനുകൾ ഓവർസീയറും എഞ്ചിനീയറും പരിശോധിച്ച് അംഗീകരിച്ച ശേഷമാണ് നമ്പറിങ് നടപടി സ്വീകരിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അംഗീകരിച്ച പൂർത്തീകരണ പ്ലാനുകളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടും പരിശോധനക്ക് ലഭിച്ചില്ലായെന്ന പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. മജീദിന്റെ പ്രതിവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ശ്രീ. മജീദ് കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടില്ലെങ്കിലും പ്രസ് തുത കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുള്ളത് ടിയാൻ തന്നെയാണ്. പെർമിറ്റ് നൽകിയത് അടുത്ത കാലയളവിലായതിനാൽ നൽകിയ അപേക്ഷകളും ക്ലർക്കിന്റെ റിപ്പോർട്ടും പരിശോധിച്ചു മാത്രമേ പ്രസ്തുത കെട്ടിടത്തിന്റെ നമ്പർ നൽകാമായിരുന്നുള്ളൂ. (കെട്ടിട നമ്പറിംഗിന് ആമിന നൽകിയ അപേക്ഷയിൽ W/o നൗഷാദ് എന്ന് തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്) കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ ക്ലാർക്ക് നൽകിയ പരിശോധനാ റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് നമ്പർ നൽകിയത് എന്നുള്ള ടിയാന്റെ വാദം നിലനിൽക്കുന്നതല്ല. ശ്രീമതി. ആമിന കെട്ടിട നമ്പർ ലഭിക്കുന്നതിന് വേണ്ട അപേക്ഷ നൽകിയത് 25.01.2011-ലും ശ്രീ.മജീദ് കെട്ടിട നമ്പർ ലഭിക്കുന്നതിന് വേണ്ട അപേക്ഷ നൽകിയത് 26.08.2011-ലുമാണ്. എങ്കിലും മേൽ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ടി ആളുകൾക്ക് യഥാക്രമം 03.02.2011, 06.09.2011 തീയതികളിൽ തന്നെ കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. കെട്ടിട നമ്പർ അനുവദിക്കുമ്പോൾ ചട്ടപ്രകാരമാണോ നൽകുന്നത് എന്നത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടത് ഓഫീസ് മേധാവി എന്ന നിലയിൽ ടിയാന്റെ ചുമതലയാണ്.

ശ്രീ. നൗഷാദ് ഒന്നാം നിലക്ക് പെർമിറ്റ് ഇല്ലാതെയാണ് കെട്ടിടം നിർമ്മിച്ചത് എന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. മജീദ് സമർപ്പിച്ച തന്റെ എതിർവാദ പത്രികയിൽ, ക്ലാർക്ക് തന്റെ റിപ്പോർട്ടിൽ പെർമിറ്റിൽ നിന്നും വ്യതിചലിക്കാതെയും കെ.പി.ബി.ആർ. പാലിച്ചുമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നമ്പറിംഗ് നടത്തിയത് എന്നുള്ള റിപ്പോർട്ട് ഒരു മേലുദ്യോഗസ്ഥന് യോജിക്കാത്തതാണ്. തന്റെ കീഴുദ്യോഗസ്ഥർ നൽകുന്ന റിപോർട്ടുകൾ ചട്ടപ്രകാരം പരിശോധിക്കുകയെന്നത് ഒരു മേലുദ്യോഗസ്ഥന്റെ ഭരണപരമായ കർത്തവ്യമാണ്. കൂടാതെ, കെട്ടിടം പണിയാൻ കെ.എം.ബി.ആർ. പ്രകാരം ചെറു പ്ലോട്ടിന്റെ ആനുകൂല്യം ലഭിക്കുകയില്ല എന്നതിനാലാണ് ശ്രീ. നൗഷാദ് തന്റെ സ്ഥലം ഭാര്യയുടെ പേരിലേക്കെഴുതി നൽകിയതും 2 പ്ലോട്ടുകളിലും നിർമ്മാണം നടത്തിയത് എന്നും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കീഴ്ലാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി.എം. മജീദ് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗൗരവതരമായ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് കാണുന്നതിനാൽ ശ്രീ. മജീദിനെതിരെ തുടർന്നുവന്ന അച്ചടക്ക നടപടികൾ കെ.സി.എസ് (സി.സി.&എ.) ചട്ടങ്ങൾ 1960 പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. സി.എം. മജീദ്, മുൻ സെക്രട്ടറി, കീഴ്ലാട് ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.323/ഡി3/2017/വിജി. തീയതി 23.01.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.910211/ഇപിബി2/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ